**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**തിരുവനന്തപുരം-695 033**

തീയതി : 27.11.2020

നമ്പർ : എ2-600/2020/സം.തി.ക.

# സർക്കുലർ

വിഷയം : സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2020 ലെ പൊതു തിരഞ്ഞെടുപ്പ് - തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറിമാർ, വരണാധികാരികൾ, ഉപവരണാധികാരികൾ, ഒബ്സർവർമാർ എന്നിവർക്കുള്ള ഫണ്ട് വിതരണം - സംബന്ധിച്ച്.

സൂചന : 1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 04.11.2020 ലെ 33870/2019/സം.തി.ക നമ്പർ സർക്കുലർ.

2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 17.11.2020 ലെ എ2-600/2020/സം.തി.ക. നമ്പർ സർക്കുലർ.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പ് 2020 ഡിസംബർ 8,10,14 തീയതികളിൽ നടക്കുകയാണ്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് തിരഞ്ഞെടുപ്പ് ചെലവുകൾക്കായി വിതരണം ചെയ്യുന്ന ഫണ്ടുകൾ താഴെ പറയും പ്രകാരം വിതരണം ചെയ്യേണ്ടതാണ്.

പോളിംഗ് സ്റ്റേഷൻ സജ്ജീകരണത്തിനായി നൽകുന്ന തുകകൾ അതത് ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിലെ സെക്രട്ടറിമാർക്ക് വിതരണം ചെയ്യേണ്ടതാണ്. തിരഞ്ഞെടുപ്പ് നടത്തിപ്പിനുള്ള ചെലവുകൾക്കായി നൽകുന്ന തുകകൾ അതത് ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിലെ വരണാധികാരികൾക്കും പോളിംഗ് സാധന സാമഗ്രികളുടെ വിതരണം, സ്വീകരണം, വോട്ടെണ്ണൽ കേന്ദ്രങ്ങളുടെ സജ്ജീകരണ ചെലവുകൾ എന്നിവയ്ക്കായി നൽകുന്ന തുകകൾ ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, എന്നിവയിലെ സെക്രട്ടറിമാർക്കും നേരിട്ട് വിതരണം ചെയ്യേണ്ടതാണ്.

ജനറൽ ഒബ്സർവർമാർക്ക് 30,000/- രൂപയും എക്സ്പെൻഡിച്ചർ ഒബ്സർവർമാർക്ക് 20,000/- രൂപയും അഡ്വാൻസായി അനുവദിക്കേണ്ടതാണ്.

എ.സന്തോഷ്
സെക്രട്ടറി

പകർപ്പ് : എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർമാർക്കും
കമ്മീഷണറുടെ പി.എസ്
കമ്മീഷണറുടെ സി.എ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ